# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി-15/1598/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 28/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി-15/1598/23 തീയ്യതി: 28/11/2023

## പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-08-2022 മുതൽ 25-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ രാം മനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 26-09-2023 | 04-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-09-2023 | 04-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത.യു, ഓഡിറ്റ് ഓഫീസർ
ശ്രീ രാമകൃഷ്ണൻ.കെ.പി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അനില.സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലിക്സി അലക്സ്, ഓഡിറ്റർ
ശ്രീ മോഹനൻ.കെ.എ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഭാർഗ്ഗവൻ. ആർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ദിനേഷ്. കെ | സെക്രട്ടറി | 01-04-2022 | 12-10-2022 |
| ശ്രീ കിഷോർ കെ | സെക്രട്ടറി | 13-10-2022 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുധീർ. എം | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ധന്യ. സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഉഷ എൻ.ആർ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി വനജ. എസ് | ഐ. സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 08-01-2023 |
| ശ്രീമതി ജയലക്ഷ്മി. ആർ | ഐ. സി.ഡി.എസ് സൂപ്പർവൈസർ | 09-01-2023 | 31-03-2023 |
| ശ്രീ ശശികുമാർ. കെ | അസി.എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീമതി ബീന. എസ് | അസി.എഞ്ചിനീയർ | 13-09-2022 | 31-03-2023 |
| ശ്രീ സുനിൽകുമാർ. കെ | വി.ഇ.ഒ 1 | 01-04-2022 | 31-03-2023 |
| ശ്രീ മനോജ്.എം | വി.ഇ.ഒ 2 | 01-04-2022 | 03-08-2022 |
| ശ്രീമതി ഷീജമോൾ. എം | വി.ഇ.ഒ 2 | 04-08-2022 | 31-03-2023 |
| ഡോ.അഷ്റഫ്. എസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 10-03-2023 |
| ഡോ. ചിത്ര,കെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 11-03-2023 | 31-03-2023 |
| ഡോ. മനോജ്കുമാർ. എം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. ടി.വി സുവിജ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രിൻസി എസ് ജോൺ | ഡയറി ഫാം ഇൻസ്പക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ മനു ചന്ദ്രൻ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ഡോ. വത്സകുമാരി | വെറ്ററിനറി സർജൻ | 01-04-2022 | 25-09-2022 |

| | | | |
|---|---|---|---|
| കെ.വി | | | |
| ഡോ. ഗ്രീഷ്മ. പി | വെറ്ററിനറി സർജൻ | 26-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കേഷൻ | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -അപാകത | 1-1-2 |
| 4 | വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ് ചെലവ് രജിസ്റ്ററിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-3 |
| 5 | CFC- വാർഷിക കണക്ക്, ചെലവ് പത്രിക എന്നിവ തമ്മിൽ 10072/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. | 1-1-4 |
| 6 | MGNREGS -വാർഷിക കണക്കിലെ വ്യത്യാസങ്ങൾ | 1-1-5 |
| 7 | നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് കൈമാറിയ തുക - ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-7 |
| 9 | Capital Work In Progress – മൂല്യം മുൻവർഷത്തേതിൽ നിന്ന് വ്യത്യസ്തമല്ല | 1-1-8 |
| 10 | Accumulated Depreciation – നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല | 1-1-9 |
| 11 | ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | Prior Period Income & Expenditure -വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തം | 1-1-11 |
| 13 | ഭരണപരമായ മറ്റ് ചെലവുകൾ അസാധാരണ ചെലവുകളുടെ ഹെഡ്ഡിൽ ഉൾപ്പെടുത്തി | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-11 |

| | | |
|---|---|---|
| 24 | വസ്തു നികുതി പരിഷ്കരണം - അവലോകനം | 1-12 |
| 25 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ സംബന്ധിച്ച നിരീക്ഷണങ്ങൾ | 1-13 |
| 26 | പഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ, ക്ഷീര സഹകരണ സംഘം - ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ് | 1-13-1 |
| 27 | പഞ്ചായത്തിലെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കേണ്ടതാണ് | 1-13-2 |
| 28 | വാടക കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-14 |
| 29 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രൊജക്റ്റ് - മരുന്ന് തൻവർഷം ലഭ്യമായിട്ടില്ല | 1-15 |
| 30 | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നടപ്പിലാക്കേണ്ടതാണ് | 1-16 |
| 31 | ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. | 1-17 |
| 32 | അസാധാരണ ചെലവുകൾ- പരിധി പാലിക്കേണ്ടതാണ്. | 1-18 |
| 33 | പട്ടികജാതി വിദ്യാർത്ഥിനികളുടെ പഠനമുറി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. | 1-19 |
| 34 | തെരുവു വിളക്കിന് സാധനങ്ങൾ വാങ്ങൽ പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചില്ല | 1-20 |
| 35 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ -മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിയിട്ടില്ല. | 1-21 |
| 36 | തെരുവു വിളക്ക് മെയിന്റനൻസ് - അംഗീകരിച്ച ടെണ്ടർ നിരക്കിലും അധികം തുക നൽകി | 1-22 |
| 37 | ഉറവിട മാലിന്യസംസ്കരണത്തിന് ബയോബിൻ - പദ്ധതി നടപ്പിലായിട്ടില്ല | 1-23 |
| 38 | ഭവനപുനരുദ്ധാരണം - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല | 1-24 |
| 39 | ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ - വാഹനം ലഭ്യമായിട്ടില്ല | 1-25 |
| 40 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും -തുക ലഭ്യമായിട്ടില്ല | 1-26 |
| 41 | അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ - വാങ്ങൽ നടപടികൾ പാലിച്ചിട്ടില്ല | 1-27 |
| 42 | വാങ്ങലിൽ നടപടികൾ പാലിച്ചില്ല | 1-28 |
| 43 | വൃദ്ധർക്ക് കട്ടിൽ -വാങ്ങലിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-29 |
| 44 | റോഡ്, റോഡിതര മെയ്ന്റനൻസ് ഫണ്ട് വകയിരുത്തൽ, ചെലവ് -ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല | 1-30 |
| 45 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ് | 1-31 |
| 46 | കരാറിലേർപ്പെട്ട് കരാറുകാരൻ പ്രവൃത്തി നിർവ്വഹണം നടത്താത്തത്- കേരള | 1-32 |

| | | |
|---|---|---|
| | പൊതുമരാമത്ത് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | |
| 47 | ടേക്ക് എ ബ്രേക്ക് പദ്ധതികൾ - തുടർ മോണിട്ടറിങ്ങ് നടത്തേണ്ടതാണ് | 1-33 |
| 48 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തെരുവ് വിളക്ക് മെയ്ന്റനൻസ് - അംഗീകരിച്ച ടെണ്ടർ നിരക്കിലും അധികം തുക നൽകി | 3-1 |
| 2 | തെരുവ് വിളക്ക് സാധനങ്ങൾ വാങ്ങൽ പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചില്ല | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ- സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കേഷൻ

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 3(1)/30-06-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 04-10-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തേങ്കുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 28.11.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ

പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -അപാകത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2058231.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6764460.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ് ചെലവ് രജിസ്റ്ററിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്ന

RP-33 ഷെഡ്യൂൾ പ്രകാരമുള്ള താഴെപ്പറയുന്ന ഡെപ്പോസിറ്റ് ചെലവുകൾ രജിസ്റ്ററിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

| | രജിസ്റ്റർ പ്രകാരം | RP-33 ഷെഡ്യൂൾ പ്രകാരം |
|---|---|---|
| Other Deposits | 8542 | 3542 |
| Contractors EMD | 8700 | 3700 |

ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പിൽ വ്യത്യാസമില്ല

1-1-4 CFC- വാർഷിക കണക്ക്, ചെലവ് പത്രിക എന്നിവ തമ്മിൽ 10072/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

CFC വാർഷിക കണക്ക്, ചെലവ് പത്രിക എന്നിവ തമ്മിൽ 10072/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ആയതിന് നൽകിയ വിശദീകരണം താഴെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം -5/29.09.23)

20.03.23 ന് വർക്ക് ബില്ലുകളുടെ ജി.എസ്.ടി അടക്കുന്നതിന് ILGMS ൽ പേമെന്റ് തയ്യാറാക്കി ചെക്ക് നൽകിയെങ്കിലും ടി തുക ബാങ്കിൽ നിന്ന് ഡെബിറ്റ് ആയിരിക്കുന്നത് 04/23 മാസത്തിലായതിനാലാണ് വ്യത്യാസം നിലനിൽക്കുന്നത്.

1-1-5 MGNREGS -വാർഷിക കണക്കിലെ വ്യത്യാസങ്ങൾ

ഭരണപരമായ ചെലവിന് തത്തുല്യമായി ചേർത്ത തുക ഷെഡ്യൂൾ I-6 പ്രകാരം 1340227/- ആണെന്നിരിക്കെ I-14(F) പ്രകാരം ആയത് 1348799/- രൂപ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.തനത് ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ട ചെലവുകൾ I-14(F) പ്രകാരമുള്ള ഹെഡ്ഡിൽ നിന്ന് നിർവ്വഹിച്ചതിനാലാണ് പ്രസ്തുത വ്യത്യാസം വന്നിട്ടുള്ളതെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം-5/29.09.23) മറുപടി സമർപ്പിച്ചിട്ടുള്ളത്.

തൻവർഷം Advance To NREGA അഡ്വാൻസ് രജിസ്റ്റർ പ്രകാരം 1623336/- ആണെന്നിരിക്കെ ഷെഡ്യൂൾ RP-49 പ്രകാരം ആയത് 1629829/- ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 Advance To NREGA (460500801) പ്രസ്തുത ഹെഡ്ഡിൽ തുകയൊന്നും ഉൾപ്പെടുത്താതെ 460100103 – TemporaryAdvance For Official Purposes എന്ന ഹെഡ്ഡിലാണ്

ക്രമീകരിക്കുവാനുള്ള അഡ്വാൻസ് തുക 1858017/-രൂപ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ട്.

1-1-6 നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് കൈമാറിയ തുക - ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

നിക്ഷേപ പ്രവൃത്തികൾക്കായി തൻവർഷം KSEBക്ക് ഡെപ്പോസിറ്റ് ചെയ്ത 898833/-രൂപയിൽ 99600/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം തൻവർഷം ലഭ്യമായിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് തൻവർഷം കൈമാറിയ 1,71,000/- രൂപയുടെ വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ലെന്നിരിക്കെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ൽ Advance To Implementing Agencies എന്ന ശീർഷകത്തിൽ 970233-രൂപ (898833 -99600+171000) ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-8 Capital Work In Progress – മൂല്യം മുൻവർഷത്തേതിൽ നിന്ന് വ്യത്യസ്തമല്ല

തൻവർഷം പാർട്ട് ബില്ലുകൾ ഉണ്ടായിരിക്കെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(b)-Capital Work In Progress – മൂല്യം 3874088/- മുൻവർഷത്തേതിൽ നിന്ന് വ്യത്യസ്തമല്ല.

1-1-9 Accumulated Depreciation – നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല

Accumulated Depreciation – നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ ആയത് അതത് ശീർഷകത്തിൽ (+) ആയി ആണ് ചേർത്തിട്ടുള്ളത്.

1-1-10 ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ വർഷാവസാനത്തിലാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്.

1-1-11 Prior Period Income & Expenditure -വിവിധ ഷെഡ്യൂളുകളിൽ വ്യത്യസ്തം

Prior Period Income – RP-11, I-19 ഷെഡ്യൂളുകളിൽ വ്യത്യസ്തമാണ്. I-19 ഷെഡ്യൂൾ പ്രകാരം - Other Income(code-190200401) - -13350 ആണ്. ടി തുക RP-11 ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല.

Prior Period Expenditure- I-18 (Code-290600102) -Rent From Lease On Lands-3300/-. ടി തുക RP ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല.

1-1-12 ഭരണപരമായ മറ്റ് ചെലവുകൾ അസാധാരണ ചെലവുകളുടെ ഹെഡ്ഡിൽ ഉൾപ്പെടുത്തി

ഭരണപരമായ മറ്റ് ചെലവുകൾ -165214/-രൂപ ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-11- Extra Ordinary Expenses (Code-220710101) ൽ ഉൾപ്പെടുത്തി.

1-2 ബജറ്റ്

ധനകാര്യ സ്ഥിരം സമിതിയുടെ 23.03.22 ലെ തീരുമാനം നമ്പർ 1 പ്രകാരവും,പഞ്ചായത്ത് ഭരണ സമിതിയുടെ 26.03.2022 തീയതിയിലെ യോഗ തീരുമാനം നം. 9/1 പ്രകാരവും 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 28258373 |
| തൻവർഷം വരവ് | 157827000 |
| ആകെ | 186085373 |
| ചെലവ് | 162611000 |
| നീക്കിയിരിപ്പ് | 23474373 |

ധനകാര്യ സ്ഥിരം സമിതിയുടെ 28.02.23 ലെ തീരുമാനം നമ്പർ 1 പ്രകാരവും,പഞ്ചായത്ത് ഭരണ സമിതിയുടെ 28-02-23 തീയതിയിലെ യോഗ തീരുമാനം നം. 5/1 പ്രകാരവും ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 11538631 |
| തൻവർഷം വരവ് | 156328500 |
| ആകെ | 167867131 |
| ചെലവ് | 163957709 |
| നീക്കിയിരിപ്പ് | 3909422 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21149038.54 |
| വരവ് | 34700479 |
| ആകെ | 55849517.54 |
| ചെലവ് | 32642248 |
| നീക്കിയിരിപ്പ് | 23207269.54 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 25117191 | 25117191 | 22675419 | 2441772 |
| വികസനഫണ്ട് - എസ്.സി.പി | 0 | 18953809 | 18953809 | 15426644 | 3527165 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 8198000 | 8198000 | 3504009 | 4693991 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6388000 | 6388000 | 5738951 | 649049 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 3374060 | 4319000 | 7693060 | 2022111 | 5670949 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 2915716 | 2915716 | 1579508 | 1336208 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 1227374 | 3154783 | 4382157 | 3234378 | 1147779 |

| | | | | | |
|---|---|---|---|---|---|
| അൺടൈഡ് -ഗ്രാന്റ്- ബാങ്ക് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്-ട്രഷറി | 0 | 97256 | 97256 | 97256 | 0 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 74900 | 1455712 | 1530612 | 599313 | 931299 |
| സമ്പൂർണ്ണ ശുചിത്വം | 2225801 | 0 | 2225801 | 781020 | 1444781 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സ്വച്ഛ് ഭാരത് മിഷൻ | 0 | 703000 | 703000 | 703000 | 0 |
| Health Grant(Diagnostic Infrastructure To PHCs) | 0 | 318124 | 318124 | 308600 | 9524 |
| Health Grant( Towards Conversion Of PHCs & Subcentres Into Health & Wellness Centres) | 0 | 171318 | 171318 | 79205 | 92113 |

ഗ്രാന്റ് വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ, വാർഷിക കണക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വികസന ഫണ്ട് (ജനറൽ) - ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രൊജക്ടുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 4022926 /- രൂപ . വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പ് നെഗറ്റീവ് ആണ്.

2.വികസന ഫണ്ട് (എസ്.സി.പി) - ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രൊജക്ടുകളായ (എസ്.സി.പി) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ആകെ തുക 1227637/- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

3.CFC വാർഷിക കണക്ക്, ചെലവ് പത്രിക എന്നിവ തമ്മിൽ 10072/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

4.CFC - ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ് ഉൾപ്പെടുന്നില്ല. വരവ് ചെലവുകൾ, നീക്കിയിരുപ്പ് എന്നിവ വാർഷിക കണക്ക്, ചെലവ് പത്രിക എന്നിവയിൽ നിന്ന് വ്യത്യസ്തമാണ്. CFC -Untied – നീക്കിയിരുപ്പ് മൈനസ് ആണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗിക | നടപ്പാ |
|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | യത് (എണ്ണം) | ചെലവ് | മായി നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 213 | 155460665 | 173 | 68830384 | - | 81 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 81% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 44% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 11873234 | 9395845 | 79 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 563160 | 491604 | 87 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 1729801 | 1514615 | 88 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 1520000 | 1515782 | 99.7 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 480000 | 449995 | 94 |
| വി.ഇ.ഒ | 16 | 16 | 67183780 | 13154080 | 20 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19 | 19 | 9594908 | 6483726 | 68 |
| സെക്രട്ടറി | 45 | 45 | 10942182 | 10554839 | 96 |
| അസി.സെക്രട്ടറി | 7 | 6 | 7264250 | 4158320 | 57 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 96 | 58 | 40912361 | 18877101 | 46 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 595000 | 595000 | 100 |
| ഹെഡ്മാസ്റ്റർ | 6 | 5 | 2293013 | 1560272 | 68 |
| ആകെ | 213 | 173 | 155460665 | 68830384 | 44 |

നിർവ്വഹണോദ്യോഗസ്ഥനായ സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. വി.ഇ.ഒ യുടെ ചെലവ് 20 ശതമാനം മാത്രമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0.54 | 1346497 | 1346497.54 | 1340227 | 6270.54 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 24314487 | 24314487 | 24314487 | 0 |
| ആകെ | 0.54 | 25660984 | 25660984.54 | 25654714 | 6270.54 |

MGNREGS -വാർഷിക കണക്ക്,ചെക്ക് ഇഷ്യു രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

ഭരണപരമായ ചെലവ് ചെക്ക് ഇഷ്യൂ രജിസ്റ്റർ, I-6 ൽ ചേർത്ത തുക എന്നിവ പ്രകാരം 1340227/- ആണെന്നിരിക്കെ I-14(F) പ്രകാരം ആയത് 1348799/- രൂപ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 8472000 | 726 |
| 2 | വിധവാ പെൻഷൻ | 14765800 | 1371 |
| 3 | വാർദ്ധക്യകാല പെൻഷൻ | 22220400 | 2136 |
| 4 | വികലാംഗ പെൻഷൻ | 3982800 | 348 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 992000 | 88 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-09-2023 തീയതിയിൽ 2.40 P.m. ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11702/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലാവധി 17.03.2023 പ്രാബല്യത്തിൽ 16.03.2026 വരെ പുതുക്കി ലഭ്യമായിട്ടുണ്ട്. പൗരാവകാശ രേഖ 2022ലാണ് അവസാനമായി പുതുക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ്, സ്ഥാപനത്തിലും, ഘടകസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ILGMS സംവിധാനം 4/2022 മുതൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.തൻവർഷം തനത് ഫണ്ട് രേഖകളെല്ലാം കൈകാര്യം ചെയ്തിട്ടുള്ളത് ILGMS സംവിധാനത്തിലൂടെയാണ്. അക്കൗണ്ടിംഗ്, ഫയൽഫ്ലോ എന്നിവയും ILGMS മുഖേനയാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

<u>രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്</u>

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരംസൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്

എന്നാൽ നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തന്നെ 1069833/-രൂപ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുണ്ട്. 14-ാം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളുടെ അവസ്ഥാ രേഖ തയ്യാറാക്കിയിട്ടുണ്ട്.

<u>പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം</u>

എല്ലാ പർച്ചേസുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളതെങ്കിലും അവയിൽ പലതിലും പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

സ്ഥാപനത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.

ആസ്തി പരിപാലനം

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശ പ്രകാരം പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

ആസ്തി വിവരം കാലികമാക്കൽ

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വാർഡുകളിലുമുള്ള റോഡുകൾ, കെട്ടിടങ്ങൾ , കൾവർട്ടുകൾ, ഡ്രെയ്നേജുകൾ എന്നിവ ഉൾപ്പെടെയുള്ള ആസ്തികളുടെ സർവ്വെ പൂർത്തീകരിച്ച് ആയതിന്റെ വെരിഫിക്കേഷൻ ,ഡിജിറ്റലൈസേഷൻ നടപടികൾ നടപ്പാക്കി വരുന്നുണ്ട്.

സ്ഥാപനത്തിന് കൈമാറിക്കിട്ടിയ നിർവ്വഹണോദ്യോഗസ്ഥരിൽ രണ്ട് വി.ഇ.ഒ മാർ ഉൾപ്പെടുന്നുവെങ്കിലും ഒരാൾ മാത്രമാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. സാമ്പത്തിക വർഷം വി.ഇ.ഒ യുടെ നിർവ്വഹണച്ചെലവ് 20ശതമാനം മാത്രമാണ്.പദ്ധതികളുടെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ രണ്ട് വി.ഇ.ഒ മാർക്കും നിർവ്വഹണച്ചുമതല നൽകേണ്ടതായിരുന്നു. വകയിരുത്തിയ അടങ്കലിന് അനുസൃതമായി പദ്ധതികളുടെ നിർവ്വഹണക്രമം ഉറപ്പാക്കിയില്ല. ടി വിഷയത്തിന്മേൽ ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

ഫണ്ട് വകയിരുത്തലിലെ അപര്യാപ്തത, പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കാത്തത് മൂലം ആയത് ഭേദഗതി ചെയ്യേണ്ടി വരുന്നതിനാലും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം നടക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

1-11-2014 മുതൽ 16.11.14 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2009-10 മുതൽ 2013-14വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 10-05-2022 ന് നടത്തിയ പെർഫോമൻസ് ഓഡിറ്റിൽ 03/2022 മവരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

8/2019 മുതൽ 3/2022 വരെയുള്ള കാലയളവിലെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുകളിൽ 27 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ പരാമർശങ്ങളും തീർപ്പാക്കിയിട്ടുണ്ട്.

1-11 തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു സ്ഥാപന രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതും, രജിസ്റ്ററിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര്, മറ്റ് വിവരങ്ങൾ ഉൾകൊള്ളിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കാവുന്നതാണ്. എന്നാൽ സ്ഥാപനരജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനോ വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവിന്റെ

കൃത്യത പരിശോധിച്ചുറപ്പിക്കാനോ കഴിഞ്ഞിട്ടില്ല.

1-12 വസ്തു നികുതി പരിഷ്കരണം - അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് 5 വർഷത്തേക്ക് 22.03.2023 ലെ സ.ഉ.(കൈ) നമ്പർ 77/2023/തസ്വഭവ സർക്കാർ ഉത്തരവു പ്രകാരം വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം 25% വർദ്ധനവ് വരുത്തി നികുതിപരിഷ്കരണം നടത്തേണ്ടതാണെങ്കിലും സർക്കാർ ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5%എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തു നികുതി നിർണ്ണയ നടപടികളും, വസ്തു നികുതി നിർണ്ണയത്തിനു ശേഷം തറ വിസ്തീർണത്തിനും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും, വസ്തുനികുതിയിൽ നല്കാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

5/04/2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/2023/തസ്വഭവ എസ് ആർ ഒ നമ്പർ 479/2023 വിജ്ഞാപന പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപയോഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാനത്തിൽ വസ്തു നികുതി നിരക്കുകൾ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2023 ഏപ്രിൽ 1 മുതൽ അഞ്ചു വർഷ കാലയളവ് പൂർത്തിയാകുന്നതുവരെ തുടർന്നുള്ള ഓരോ വർഷവും ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ 5 % വീതം വർദ്ധനവ് വരുത്തുന്നതാണെന്നും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/LSGD പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2 /27-09-23) മറുപടിയായി വസ്തുനികുതി പരിഷ്കരണ നിരക്കുകൾ, മേഖലകളും റോഡിന്റെ തരം തിരിവും പുതുക്കൽ എന്നിവ 13.04.2023 തിയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനത്തിന്റെ ശുപാർശയോടെ 23.06.2023 തിയ്യതിയിലെ 10(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സ.ഉ.(കൈ)നം.77/2023/LSGD തിയതി. 22.03.2023 പ്രകാരം 01.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ളോമ (സിവിൽ എഞ്ചിനീയറിംഗ്), I.T.I ഡ്രാഫ്റ്റ്സ്മാൻ സിവിൽ, I.T.I സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ച് വിവര ശേഖരം നടത്തി വരുന്നുണ്ട്. സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തി ഡാറ്റാ പ്യൂരിഫിക്കേഷനിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ട്. നിലവിൽ പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിന് 29.09.2023 തിയ്യതിയിൽ സഞ്ചയ സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. 67 കെട്ടിട ഉടമകൾ സ്വമേധയാ 9 ബി ഫോറങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ വസ്തുനികുതിയോടൊപ്പം സേവനഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളില്ല.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) നിലവിൽ ചുമത്തുകയും പിരിച്ചെടുക്കുകയും

ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതിപരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. 01.04.23 മുതലുള്ള വസ്തുനികുതി പരിഷ്കരണം സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സമയബന്ധിതതമായി പൂർത്തീകരിക്കേണ്ടതാണ്.

### 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ സംബന്ധിച്ച നിരീക്ഷണങ്ങൾ

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ 2022-2023 സാമ്പത്തികവർഷത്തിൽ 321 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നല്കുകയോ ചെയ്തിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

### 1-13-1 പഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ, ക്ഷീര സഹകരണ സംഘം - ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന ക്ഷീരോദ്പാദകസഹകരണ സംഘത്തെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1.) തേങ്കുറിശ്ശി ക്ഷീര സഹകരണ സംഘം .

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 റേഷൻ കടകളാണ് ഉള്ളത്. റേഷൻ ഡിപ്പോകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം – 19/3-10-2023).

### 1-13-2 പഞ്ചായത്തിലെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കേണ്ടതാണ്

ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിലെ ക്രമനം. 253 റഹന ഫിറോസിന്റെ ഉടമസ്ഥതയിൽ പാരാമെഡിക്കൽ സ്ഥാപനം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണം നല്കിയിരുന്നു(നം.19/3-10-2023)

| കെട്ടിട നം. | സ്ഥാപനഉടമ | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 6/675 | റഹന ഫിറോസ് | ഡയഗനോസ്റ്റിക് സെന്റർ | 1000 രൂപ |

മേൽ സ്ഥാപനം 10-8-2022 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 270ാം വകുപ്പ് പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി

രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ടി സ്ഥാപനത്തിന് രജിസ്ട്രേഷൻ ഫീസ് അടവാക്കുന്നതിനായി അറിയിപ്പ് നല്കിയിട്ടുള്ളതാണെന്നും രജിസ്ട്രേഷൻ നടത്തുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 വാടക കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് ക്ലോംപ്ലക്സ് വാടക രജിസ്റ്ററിന്റെ പരിശോധനയിൽ 8/202, 8/203, 8/204 എന്നീ മുറികളുടെ വാടകയിനത്തിൽ തൻവർഷത്തിൽ 59112 രൂപ അടക്കം നാളിതുവരെ 115404 രൂപ കുടിശ്ശികയുണ്ട്. ഈ മുറികൾ മാനേജർ, ബാംബൂ കോർപ്പറേഷൻ, കന്നിയോട് വാടകയ്ക്ക് എടുത്തിട്ടുള്ളതാണ്. കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിനു(നം.8/29-9-2023) മറുപടിയായി, റവന്യൂ റിക്കവറി നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് , കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ ബൈലോ

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നടത്തിപ്പിനായുള്ള ബൈലോ ഹാജരാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/29.09.23) മറുപടിയായി, കമ്മ്യൂണിറ്റി ഹാളിനായുള്ള കരട് ബൈലോ രൂപീകരിച്ചിട്ടുള്ളതാണെന്നും അന്തിമമാക്കുന്നതിനായി സർക്കാരിലേക്ക് നല്കിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ ബൈലോ പ്രകാരം മുൻകാലങ്ങളിലുള്ളതു പോലെയാണ് വാടക ഈടാക്കി വരുന്നത്. ആയത് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്. ബൈലോ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രൊജക്റ്റ് - മരുന്ന് തൻവർഷം ലഭ്യമായിട്ടില്ല

2022-2023 സാമ്പത്തിക വർഷത്തിൽ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങിയതിന്റെ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

21/23 നമ്പർ പ്രൊജക്റ്റ് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഫണ്ട് (റോഡിതരം) ൽ നിന്നും 300,000/- രൂപ അനുവദിച്ചിരുന്നു. ഇതിനായി പൊതുമേഖല സ്ഥാപനമായ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ഹോംകോ), ആലപ്പുഴയ്ക്ക് 300000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

| ബിൽ നം. | തിയതി | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 09/22-23 | 28-1-2023 | 34306403911 | 300,000 രൂപ |

ഇൻവോയ്സ് നം. PF-897/28-11-2022 പ്രകാരം 24 ഇനം മരുന്നുകളാണ് ആവശ്യപ്പെട്ടിരുന്നത്. തൻവർഷം മരുന്നുകളൊന്നും തന്നെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണ(നം.6/30-9-2023)ത്തിന് മറുപടിയായി 76170 രൂപയുടെ മരുന്നുകൾ 5-9-2023ന് ലഭ്യമായിട്ടുണ്ടെന്നും ബാക്കി മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 223830 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നടപ്പിലാക്കേണ്ടതാണ്

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

1) പ്രൊജക്റ്റ് നം. – 216/23 – മുറ്റത്തൊരു മീൻതോട്ടം ജനറൽ

അടങ്കൽ - 180000 രൂപ (വികസനഫണ്ട് -പൊതുവിഭാഗം സാധാരണവിഹിതം - 72000 രൂപ , മറ്റുള്ളവ -108000 രൂപ)

ചെലവ് - ഇല്ല.

2) പ്രൊജക്റ്റ് നം. - 218/23 – മുറ്റത്തൊരു മീൻതോട്ടം - എസ്.സി.പി.

അടങ്കൽ – 160000 രൂപ (വികസനഫണ്ട് -എസ്.സി.പി -120000 രൂപ ,മറ്റുള്ളവ -40000 രൂപ)

ചെലവ് - ഇല്ല.

ബജറ്റിൽ ഫിഷറീസ് മേഖലയിലെ പ്രൊജക്റ്റുകൾക്കായി 500000 രൂപ വകയിരുത്തിയിട്ടുണ്ട്. 13-6-22ൽ നടന്ന മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകളായ സുഭിക്ഷകേരളം മത്സ്യകൃഷി പ്രോത്സാഹനം, ബയോഫ്ലോക്ക് മത്സ്യകൃഷി എന്നിവയെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ തൻ വർഷം യാതൊരു ചെലവും മത്സ്യമേഖലയിൽ നിർവ്വഹിച്ചിട്ടില്ല.

അംഗീകാരം ലഭ്യമാക്കിയ മേൽ പ്രൊജക്റ്റുകൾ നടപ്പാക്കാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.7/30-9-2023) മറുപടിയായി, മേൽ പ്രൊജക്റ്റുകളുടെ ഗുണഭോക്തൃപട്ടിക 30-1-2023 തിയതിയിൽ മാത്രമാണ് ലഭിച്ചതെന്നും, ലഭ്യമായ പട്ടികയിൽ ഉൾപ്പെട്ടവരിൽ പലരും പദ്ധതി നടപ്പാക്കുവാൻ തയ്യാറാവാത്തതിനാലും സ്ഥല പരിശോധനയ്ക്കും കുളം ഒരുക്കുന്നതിനും സമയം വേണ്ടതിനാലുമാണ് പദ്ധതികൾ 2022-23 വർഷം തന്നെ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത് എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. നിലവിൽ സ്പിൽ ഓവർ പദ്ധതികളായി ഇവ നടപ്പിലാക്കി വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ഏറ്റെടുത്ത പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം ( ചട്ടം 3 പ്രകാരം ) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/03.10.2023) ദുരിതാശ്വാസ നിധി ഉടൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-18 അസാധാരണ ചെലവുകൾ- പരിധി പാലിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്(ചട്ടം 3). മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി (ചട്ടം 4). പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷത്തിൽ അസാധാരണ ചെലവുകൾക്ക് വേണ്ടി 227,214.00 രൂപ ചെലവഴിച്ചതായി കാണുന്നു (അക്കൗണ്ട് കോഡ് 220710101). എന്നാൽ രജിസ്റ്റർ പരിപാലിക്കുകയോ, ഈയിനത്തിലെ ചെലവുകൾ പരിധി പാലിക്കുകയോ, മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്യുന്നില്ലെന്ന് പരിശോധനയിൽ കണ്ടെത്തി.

സർക്കുലർ നം.451/ എഫ്.എം 2/2015/ത.സ്വ.ഭ.വ തീയതി 17.12.2015 പ്രകാരം അസാധാരണ ചെലവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പരിധി കർശനമായി പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ കൂടുതൽ തുക ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/03.102023) പുതിയതായി പണികഴിപ്പിച്ച പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ, വില്ലേജ് ഓഫീസിൽ അടവാക്കുന്ന ഒറ്റത്തവണ അടവാക്കേണ്ട കെട്ടിട നികുതി 119340 രൂപ, റോഡ് മെയിന്റനൻസിനായി അനുവദിച്ച 26659 രൂപ, കെട്ടിട നികുതി ഡിമാന്റ് നോട്ടീസ് വിതരണ ചെലവ് 19215 രൂപ എന്നീ ചെലവുകൾ ILGMS സോഫ്റ്റ്‌വെയറിലെ പരിചയക്കുറവുമൂലം അസാധാരണ ചെലവ് എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയതുമൂലം സംഭവിച്ചതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

* അസാധാരണ ചെലവുകൾ ഉൾപ്പെടുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

* ചെലവുകൾ അനുവദിനീയമായ പരിധി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-19 പട്ടികജാതി വിദ്യാർത്ഥിനികളുടെ പഠനമുറി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

ഡിഗ്രി,പി.ജി പഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥിനികൾക്ക് അവരുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 2 ലക്ഷം രൂപയുടെ പഠനമുറി നിർമ്മിക്കുന്നതിനായി ധനസഹായം നൽകുകയാണ് പദ്ധതി ലക്ഷ്യം.

| | |
|---|---|
| പ്രോജക്ട് | 194/23- ഡിഗ്രി,പി.ജി വിദ്യാർത്ഥിനികൾക്ക് പഠനമുറി- പട്ടികജാതി |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 2467985 രൂപ (വികസന ഫണ്ട് - എസ് സി പി) 132015 രൂപ തനതു ഫണ്ട് ആകെ 2600000 രൂപ |
| ചെലവ് | 975000 രൂപ |
| ബിൽ നം. | 04/28.01.23- 450000 രൂപ<br>08/ 24.02.23- 150000 രൂപ<br>10/15.03.23- 225000 രൂപ<br>11/15.03.23- 75000 രൂപ<br>12/15.03.23- 75000 രൂപ |

| | ആകെ 975000 രൂപ |
|---|---|

തൻവർഷം ആദ്യ ഗഡുവായ 50000/- രൂപ 9 ഗുണഭോക്താക്കൾക്കും, രണ്ടാം ഗഡുവായ 75000/- രൂപ 7 ഗുണഭോക്താക്കൾക്കും നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുമായുള്ള കരാർ പ്രകാരം ആദ്യ ഗഡു കൈപ്പറ്റി 3മാസത്തിനുള്ളിൽ പഠനമുറി നിർമ്മിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ദിജ രാജ് D/o രാജൻ മേട്ടുകാട് | 0745101052564 | 125000 |
| 2 | ശ്രീലക്ഷമി കെ കൃഷ്ണൻകുട്ടി വാക്കത്തറ | 0745108047547 | 125000 |
| 3 | നിഷ മോഹനൻ സെറ്റിൽമെന്റ് കോളനി | 0370104000007 | 125000 |
| 4 | അർച്ചന വി വേലായുധൻ പൂശാരിമേട് | 67239390230 | 125000 |
| 5 | രമ്യ ലക്ഷ്മണൻ തിരുവക്കോട് | 0745108047544 | 125000 |
| 6 | ദിവ്യ കൃഷ്ണൻകുട്ടി കിഴക്കേകാട് | 4280001500032872 | 125000 |
| 7 | അഞ്ജു പി ബി ബാലകൃഷ്ണൻ പേഴാംകാട് | 67304332741 | 50000 |

പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.14/30.09.2023) 9 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരുന്നതെന്നും, ക്രമ നം.2, 4, 6 എന്നീ ഗുണഭോക്താക്കൾ 2023-24 വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ബാക്കി ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം ത്വരിതഗതിയിൽ നടക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്കിന് സാധനങ്ങൾ വാങ്ങൽ പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ തെരുവ് വിളക്കിന് സാധന സാമഗ്രികൾ വാങ്ങൾ എന്ന പ്രോജക്ടിന് സാധനങ്ങൾ വാങ്ങുന്നതിന് 12.08.2022 ലെ 13(8) നം തീരുമാന പ്രകാരം ഇ- ടെണ്ടർ ചെയ്യുന്നതിന് തീരുമാനിക്കുകയും എസ്.സി 3-7/2022/ 01.09.2022 പ്രകാരം ഇ-ടെണ്ടർ പരസ്യം നൽകുകയും ചെയ്തു.(അവസാന തിയതി 23.09.2022) എന്നാൽ പത്രപരസ്യം നൽകുന്നതിന് വിട്ടുപോയതിനാൽ പത്രത്തിൽ പരസ്യം നൽകുന്നതിനും ടെണ്ടർ തുറക്കുന്നതിയതി 14 ദിവസത്തേക്ക് കൂടി നീട്ടി നൽകേണ്ടത് ആവശ്യമാണെന്ന് സ്റ്റിയറിംഗ് കമ്മിറ്റി യോഗം വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 21.09.2022 ന് പത്രത്തിൽ പരസ്യം നൽകുകയും (വൌച്ചർ നം 22200637/27.10.2022 7711 രൂപ, ദേശാഭിമാനി പാലക്കാട് എഡിഷൻ ഇൻവോയ്സ് നം.PKD/22-23/0876/21.09.22-7711 രൂപ ) 06.10.2022 വരെ തീയതി ദീർഘിപ്പിച്ച നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് | 92/23 തെരുവ് വിളക്കിന് സാധന സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ | 288527 രൂപ വികസന ഫണ്ട് ജനറൽ |
| ചെലവ് | 288527 രൂപ |

| | |
|---|---|
| ബിൽ നം. | 1) 226/27.12.2022-239127<br>2) 240/30.12.22-49400 |
| സപ്ലയർ | Radhey Radhey Enterprises, Kota Rajasthan |

10.10.2022 ന് ടെണ്ടർ തുറന്ന് പരിശോധിക്കുകയും 10 പേർ ടെണ്ടറിൽ പങ്കെടുക്കുകയും കുറവ് നിരക്ക് രേഖപ്പെടുത്തിയ സപ്ലയർമാരോട് 18.10.2022 ന് ചർച്ചക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ ഹാജരാകുന്നതിനും നിർദ്ദേശം നൽകി. 27.102.2022 ലെ 10(6 ) നം.തീരുമാന പ്രകാരം വിവിധ ഇനങ്ങളിൽ കുറവ് രേഖപ്പെടുത്തിയത് ഒന്നിൽ കൂടുതൽ പേരുള്ളതിനാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ ടെണ്ടർ റദ്ദ് ചെയ്യുന്നതിനും GeM മുഖേനെ വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് GeM മുഖേനെ 18 വാട്ടിന്റെ LED ബൾബുകൾ 1200 എണ്ണം Radhey Radhey Enterprises, Kota Rajasthan എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്.

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് ആവശ്യമായ ഉപകരണങ്ങൾ GeM ൽ ലഭ്യമായിരിക്കെ ആയത് പരിശോധിക്കാതെ ടെണ്ടർ നടപടികളിലേക്ക് കടന്നതുമൂലം പത്ര പരസ്യം നൽകിയത് പാഴ് ചെലവായി. പരസ്യം ഇനത്തിൽ ചെലവഴിച്ച 7711 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്.

1-21 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ -മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്ജ്

വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ കുനിശ്ശേരി.കൊടുവായൂർ,കുഴൽമന്ദം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽ 1,140,578.00 രൂപ അടവാക്കിയിട്ടുണ്ട്.

ബി) മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവുവിളക്കുകളുടെ വിവരം

കെ.എസ്.ഇ.ബി കുനിശ്ശേരി ഇലക്ട്രിക്കൽ സെക്ഷനിൽ മീറ്ററിംഗ് ആക്കിയിട്ടില്ലാത്ത തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ആയി 13932 രൂപയും (കൺസ്യൂമർ നം. 1167261010821), കൊടുവായൂർ ഇലക്ട്രിക്കൽ സെക്ഷനിൽ 2250 രൂപയും (കൺസ്യൂമർ നം 1165059014597) പ്രതിമാസം അടവാക്കി വരുന്നു.

തൻവർഷത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾ നടത്തിയതിൽ എൽ.ഇ.ഡി ബൾബുകൾ മാത്രമാണ് റിപ്പയർ ചെയ്തിരിക്കുന്നത്.

സി. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

സാധന സാമഗ്രികൾ വാങ്ങുവാനും, ലൈൻ വലിക്കുന്നതിനും, അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 196/23 തെരുവു വിളക്ക് സാധനങ്ങൾ വാങ്ങൽ തുക കൈമാറൽ | 130010 രൂപ | വികസനഫണ്ട് ജനറൽ |
| 2 | 232/23 നിലാവ് പദ്ധതി | 19588 രൂപ | വികസനഫണ്ട് ജനറൽ |
| 3 | 92/23 തെരുവുവിളക്കിന് സാധന സാമഗ്രികൾ വാങ്ങൽ | 288527 രൂപ | വികസനഫണ്ട് ജനറൽ |
| 4 | 90/23 തെരുവു വിളക്ക് മെയിന്റനൻസ് | 182229 രൂപ | വികസനഫണ്ട് ജനറൽ |
| 4 | ആകെ | 620354 രൂപ | |

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്തി വൈദ്യുതി ചാർജ്ജ് പുനർനിർണ്ണയിച്ചതായി കാണുന്നില്ല. വൈദ്യുത ചാർജ്ജ് കുറവാക്കുന്നതിനും, മീറ്ററിംഗ് ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.17/03.10.2023) അടുത്ത ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുന്നതും, ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-22 തെരുവു വിളക്ക് മെയിന്റനൻസ് - അംഗീകരിച്ച ടെണ്ടർ നിരക്കിലും അധികം തുക നൽകി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ മെയിന്റനൻസിനായി സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് രൂപീകരിക്കുകയും 01.09.2022 ന് ടെണ്ടർ ക്ഷണിക്കുകയും 3 പേർ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പ്രൊജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 90/23 തെരുവു വിളക്ക് മെയിന്റനൻസ് |
| അടങ്കൽ | 182229 രൂപ – വികസനഫണ്ട് ജനറൽ |
| ചെലവ് | 182229 രൂപ |
| വൌച്ചർ നം. | 39/16.01.2023- 182229 രൂപ |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരൻ | വെങ്കിട രമണൻ, ലക്ഷ്മി ഇലക്ട്രിക്കൽസ് ആലത്തൂർ |

ആകെ 10 ഇനങ്ങളിൽ 4 ഇനങ്ങളിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് കൃഷ്ണകുമാർ, കൃഷ്ണ ഇലക്ട്രിക്കൽസ് കൊല്ലങ്കോട് എന്നയാളും, 6 ഇനങ്ങളിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയത് വെങ്കിട രമണൻ, ലക്ഷ്മി ഇലക്ട്രിക്കൽസ് ആലത്തൂർ എന്ന വ്യക്തിയുമായതിനാൽ 18.10.2022 ന് രണ്ടുപേരെയും പ്രൊക്യൂർമെന്റ് കമ്മിറ്റി ചർച്ചയ്ക്ക് വിളിക്കുകയും ചെയ്തിരുന്നു. വെങ്കിട രമണന് കരാർ നൽകുന്നതിന് സമ്മതമാണ് എന്ന് കൃഷ്ണകുമാർ കത്ത് നൽകുകയും വെങ്കിട രമണന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

27.10.2022 ലെ 10(5) നം.ഭരണസമിതി തീരുമാന പ്രകാരം ഓരോ ഇനത്തിന്റെയും നിരക്ക് ഇനം തിരിച്ച് പട്ടികപ്പെടുത്തി വെങ്കിട്ടരമണന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

തെരുവു വിളക്ക് പരിപാലനത്തിന് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് വെങ്കിട രമണൻ, ലക്ഷ്മി ഇലക്ട്രിക്കൽസ് ആലത്തൂർ സമർപ്പിച്ച ടെണ്ടറിൽ, 27.10.2022 ലെ 10(1) നം.തീരുമാന പ്രകാരം അംഗീകരിച്ച നിരക്ക്, Wiring & Installing One New LED Street Light Fitting On Existing Pole And Giving Connections എന്ന പ്രവൃത്തിക്ക് 100 രൂപയാണ്. എന്നാൽ കരാറുകാരൻ പ്രവൃത്തി ചെയ്തപ്പോൾ അംഗീകരിച്ച നിരക്കിൽ അധികം നൽകിയതായി കാണുന്നു.

അംഗീകരിച്ച നിരക്കിൽ അധികം തുക നൽകിയതുമൂലം 51129 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/30.09.23) കൃഷ്ണകുമാർ ഒഴിവായതിനാൽ വെങ്കിട്ടരമണന്റെ ടെണ്ടർ നിരക്ക് രേഖപ്പെടുത്തുന്നതിന് പകരം തെറ്റായി രേഖപ്പെടുത്തിയതുമൂലം സംഭവിച്ചതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-23 ഉറവിട മാലിന്യസംസ്കരണത്തിന് ബയോബിൻ - പദ്ധതി നടപ്പിലായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 84/23 (സ്പിൽ ഓവർ), ഉറവിട മാലിന്യ സംസ്കരണത്തിന് ബയോബിൻ |
| അടങ്കൽ | ₹426000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്), ₹47520- ഗുണഭോക്തൃ വിഹിതം) |

പ്രൊജക്ട് പ്രകാരം ബയോബിൻ നൽകുന്നതിനായി ഐ ആർ ടി സി മുണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്നും 2160രൂ നിരക്കിൽ ബയോബിൻ സപ്ലൈ ചെയ്യുന്നതിന് തീരുമാനിച്ചിരുന്നതായും എന്നാൽ റെയ്ഡ്കോ എന്ന സ്ഥാപനം 1800രൂപയ്ക്ക് ബയോബിൻ നൽകാമെന്ന് അറിയിച്ചതിനാൽ റെയ്ഡ്കോവിനെ വിതരണ ഏജൻസിയായി പദ്ധതിയിൽ മാറ്റം വരുത്തി 180രൂപ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും വിഹിതം വാങ്ങി അടവാക്കുന്നതിനും ഭരണസമിതി 30.01.23-ൽ 5(5) നം. തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ 22-23-ലെ മേൽ സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം 160 ഗുണഭോക്താക്കളിൽ നിന്നും 10% നിരക്കിൽ ഗുണഭോക്തൃവിഹിതം (160x180) ഈടാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭ്യമാക്കി പദ്ധതി പൂർണ്ണമായും നടപ്പിലാക്കുകയോ പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ഉൾപ്പെടെയുള്ള തുക റെയ്ഡ്കോവിന് കൈമാറി ബയോബിൻ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇതിൽ സ്വീകരിച്ച തുടർനടപടിയുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/04.10.23)-ന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭ്യമാകാത്തതിനാലാണ് പദ്ധതി പൂർത്തിയാക്കാൻ കഴിയാതിരുന്നതെന്നും 23-24-ൽ പദ്ധതി സ്പിൽ ഓവറാക്കുകയും ഗ്രാന്റ് ലഭ്യമാകുന്ന മുറയ്ക്ക് ബയോബിൻ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക്

നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. അടിയന്തിരമായി തുടർനടപടി സ്വീകരിച്ച് പ്രൊജക്ടിന്റെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

1-24 ഭവനപുനരുദ്ധാരണം - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 205/23, ഭവനപുനരുദ്ധാരണം ജനറൽ |
| അടങ്കൽ | ₹4440000 (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹2730000 |
| ബിൽ നം./തീയതി | 24/13.01.23 – ₹810000<br>25/24.01.23 – ₹255000<br>27/31.01.23 – ₹570000<br>34/16.03.23 – ₹960000<br>37/29.03.23 – ₹135000 |

ഭവനപുനരുദ്ധാരണത്തിനായി 30000രൂ ധനസഹായം നൽകുകയാണ് വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടിന്റെ ലക്ഷ്യം. പദ്ധതിയുടെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദാംശം താഴെചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | പാർവതി, ചകിരാംതൊടി | ₹15000 | 13.01.23 |
| 2 | ജാനകി, പഴതറ, തേങ്കുറിശ്ശി | ₹15000 | 13.01.23 |
| 3 | മാധവി, മുത്തശ്ശൻകാട് | ₹15000 | 13.01.23 |
| 4 | ഓമന, പരുവകുളം, കളപ്പെട്ടി | ₹15000 | 15.03.23 |
| 5 | കാർത്യായനി, കയറാംകുളം | ₹15000 | 15.03.23 |
| 6 | ശിവശങ്കരൻ, വാപ്പുള്ളം | ₹15000 | 15.03.23 |
| 7 | സുനിൽകുമാർ, വട്ടുവത്തറ | ₹15000 | 29.03.23 |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/04.10.23) ക്രമ നം.1, 2-ലെ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക കൈമാറുന്നതാണ് എന്നും മറ്റു ഗുണഭോക്താക്കൾക്ക് അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി. പ്രൊജക്ടുകൾ ഗുണഭോക്താക്കളുമായുള്ള എഗ്രിമെന്റ് പ്രകാരമുള്ള സമയപരിധിക്കുള്ളിൽ തന്നെ നടപ്പിലാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-25 ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ - വാഹനം ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 77/23 (സ്പിൽ ഓവർ), ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ. |
| അടങ്കൽ | ₹ 310900 (വികസന ഫണ്ട് -പൊതുവിഭാഗം) |
| ചെലവ് | ₹200000 (വികസന ഫണ്ട് -പൊതുവിഭാഗം) |
| ബിൽ നം./തീയതി | 58 /31.03.23 |

മേൽ പ്രൊജക്ട് പ്രകാരം രണ്ടു ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ വാങ്ങുന്നതിനായി 200000രൂപ മാനേജിംഗ് ഡയറക്ടർ, കെൽട്രോണിന് മുൻകൂറായി കൈമാറിയിട്ടുണ്ട്. ചെലവുരേഖകൾ പരിശോധിച്ചതിൽ രാജേഷ്, S/o അപ്പുക്കുട്ടൻ, ചുക്കംകോണം എന്ന ഗുണഭോക്താവ് 12.04.23-ന് മരണമടഞ്ഞതിനാൽ നിലവിൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ ഗുണഭോക്തൃ ലിസ്റ്റിലെ

അർഹതപ്പെട്ട ശ്രീമതി സുജാത എം പള്ളിപ്പറമ്പ്, വിളയന്നൂർ എന്നവർക്ക് രാജേഷിനു പകരം ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചതായും (ഭരണസമിതി തീരുമാനം നം. 5(17)/19.05.23) രേഖപ്പെടുത്തിയിരിക്കുന്നു. സ്കൂട്ടർ കെൽട്രോണിൽ നിന്നും ലഭ്യമായിട്ടില്ല എന്ന് 26.09.23-ന് നിർവഹണ ഉദ്യോഗസ്ഥ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്കൂട്ടർ നാളിതുവരെയും ലഭ്യമാകാത്തതിനുള്ള കാരണം, ഉപകരണം ലഭ്യമാക്കാൻ സ്വീകരിച്ച നടപടി എന്നിവ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 9/30.09.23-ന് ഗുണഭോക്താവ് മരണമടഞ്ഞതിനാൽ പുതിയ ഗുണഭോക്താവിനെ തിരഞ്ഞെടുക്കേണ്ടതായി വന്നതിനാലാണ് വാഹനം വിതരണം ചെയ്യാൻ വൈകിയത് എന്നും നിലവിൽ രജിസ്ട്രേഷൻ നടപടി നടന്നു കൊണ്ടിരിക്കുന്നു, ആയത് പൂർത്തീകരിച്ച് ഉടൻതന്നെ വാഹനം വിതരണം ചെയ്യുന്നതാണെന്ന് കെൽട്രോണിൽ നിന്നും മറുപടി ലഭ്യമായതായും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. പദ്ധതി നടത്തിപ്പിൽ ഏറ്റെടുക്കുന്ന പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 1-26 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും -തുക ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് | 94/23, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും |
| നിർവഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | ₹ 1200000 (304000-വികസനഫണ്ട്, 296000-തനത് ഫണ്ട്, 300000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 300000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹ 545200 (304000-വികസനഫണ്ട്, 30200-തനത് ഫണ്ട്, 211000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ബിൽ നം./തീയതി | 12/22-23/26.10.22 -211000, 21/22-23/30.12.22 -10000,<br>57/22-23/31.03.23-294000,<br>ചെക്ക് നം. JN-3888805/04.03.23-30200 |

പ്രൊജക്റ്റിന്റെ ചെലവുരേഖകൾ പരിശോധിച്ചതിൽ രണ്ടു ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ട്, വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| പേര്, മേൽവിലാസം | ബിൽ കൺട്രോൾ കോഡ് | സാംഖ്യ വൗച്ചറിലെ അക്കൗണ്ട് നം. | തുക | അപേക്ഷയിലെ അക്കൗണ്ട് നം. |
|---|---|---|---|---|
| പ്രവീൺ ജെ | 22140552021400636683 | BKID0008537-20325131050 | 10000 | SBIN0004925-20325131050 |
| | 22140552021401529913 | „ | 10000 | „ |
| സഞ്ജയ് എൻ | 22140552021400636683 | SBIN0070518-67178424534 | 10000 | SBIN0070518-67178427534 |

വൗച്ചറുകളുടെ വെബ് സാംഖ്യയിൽ നിന്നുള്ള ക്രെഡിറ്റ് സ്റ്റാറ്റസ് പരിശോധിച്ചതിൽ തുക ഗുണഭോക്താക്കൾക്ക് ട്രാൻസ്ഫർ ചെയ്യപ്പെടാതെ Return To Govt. Account എന്ന സ്റ്റാറ്റസാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അർഹമായ തുക വിദ്യാർത്ഥികൾക്ക് പിന്നീട് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, അല്ലാത്തപക്ഷം തുക ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്നിവയിൽ 25/04.10.23 നം. ഓഡിറ്റ് അന്വേഷണം നൽകിയതിന് സാംഖ്യയിൽ അക്കൗണ്ട് നം. തിരുത്തുന്നതിനുള്ള സമയപരിധിയ്ക്കു ശേഷമാണ് അക്കൗണ്ട് നം. തെറ്റാണെന്ന വിവരം അറിഞ്ഞതെന്നും നടപ്പുവർഷത്തെ

പ്രൊജക്ടിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

അർഹമായ തുക ഗുണഭോക്താവിന് യഥാസമയം ലഭ്യമാവാതിരുന്നത് നിർവഹണം, മോണിറ്ററിംഗ് എന്നിവയിലെ പാളിച്ചയായി വിലയിരുത്തുന്നു. നടപ്പിലാക്കുന്ന പദ്ധതികൾ നിർവഹണ ഉദ്യോഗസ്ഥൻ യഥാസമയം മോണിറ്ററിംഗ് നടത്തേണ്ടതും ഗുണഭോക്താവിന് അർഹതപ്പെട്ട തുക ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ സമൂഹത്തിലെ പ്രത്യേക പരിഗണന ലഭിക്കേണ്ട ഭിന്നശേഷി വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട തുക മോണിറ്ററിംഗിന്റെ അഭാവം മൂലം നഷ്ടമാവാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ - വാങ്ങൽ നടപടികൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 241/23, അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | ₹ 128178 (വികസനഫണ്ട് -ജനറൽ) |
| ചെലവ് | ₹ 128178 (വികസനഫണ്ട് -ജനറൽ) |
| ബിൽനം./തീയതി | 56/31.03.23 |

പ്രൊജക്ടിനായി ക്ഷണിച്ച ടെണ്ടർ പരസ്യത്തിൽ (ICDS/01/2022-23/21.02.23) Indoor Game കളി ഉപകരണങ്ങൾ, ബിൽഡിംഗ് ബ്ലോക്ക്സ്, Shapes, Picture Card, Number Card എന്നിവയാണ് (എല്ലാ നികുതികളും ഉൾപ്പെടെയുള്ള നിരക്ക്) ആവശ്യപ്പെട്ടിരിക്കുന്നത്. ടെണ്ടറിൽ J S Gifts & Toys, പാലക്കാട് ; M C Printers, പുതുക്കോട് എന്നീ സ്ഥാപനങ്ങൾ പങ്കെടുക്കുകയും ഇതിൽ J S Gifts & Toys, പാലക്കാട് -ന്റെ ടെണ്ടർ അംഗീകരിച്ച് ഇൻവോയ്സ് നം. 037/25.03.23 പ്രകാരം താഴെചേർക്കുന്ന ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നു.

| ഇനം | എണ്ണം |
|---|---|
| Horse Ride | 25 |
| Sea Saw | 25 |
| Basket Ball Set | 25 |
| Building Block | 25 |
| Picture Card | 40 |

ചെലവുരേഖകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ താഴെചേർക്കുന്നു.

1. സ ഉ (പി) നം. 7/2019 എസ് പി ഡി തീയതി 26.04.2019 പ്രകാരം 25000രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്. ഏതെങ്കിലും ഇനം Gem- ൽ ലഭ്യമല്ലാത്തതിനാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ പ്രത്യേകത ഉള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണ്. ഫയൽ പരിശോധിച്ചതിൽ ജെം വഴി വാങ്ങുന്നതിനായി നടപടി സ്വീകരിച്ചിട്ടില്ല.

2. ടെണ്ടർ പരസ്യം നൽകിയിരിക്കുന്നത് 22.02.23-ാം തീയതിയിലാണ്. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള തീയതി 28.02.23-നും ടെണ്ടർ തുറക്കുന്നതിനുള്ള തീയതി നിശ്ചയിച്ചിരിക്കുന്നത് 01.03.23-നും ആണ്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ ഉ (പി) നം. 259/2010/ത സ്വ ഭ വ തീയതി 08.11.2010 പ്രകാരം ഓപ്പൺ ടെണ്ടറിൽ (ഒരു ലക്ഷത്തിനു മുകളിലുള്ള വാങ്ങലിൽ) ടെണ്ടർ സമർപ്പണത്തിനായി 21ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്.

3. ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെട്ട ഉപകരണങ്ങൾക്ക് കൃത്യമായ സ്പെസിഫിക്കേഷൻ നൽകിയിട്ടില്ല. അതുകൊണ്ടുതന്നെ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഒരേ ഇനത്തിന് വ്യത്യസ്ത സ്പെസിഫിക്കേഷൻ നൽകിയിരിക്കുന്നു. ഇതിൽ നിന്നും വില താരതമ്യം നടത്തി ടെണ്ടർ ഉറപ്പിച്ചതിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

4. ചില ഇനങ്ങൾക്ക് ക്വോട്ട് ചെയ്ത നിരക്കിലും അധിക തുക നൽകിയിരിക്കുന്നു.

| ക്രമ നം. | ഇനം | വാങ്ങിയ എണ്ണം | ടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്ക് (₹) | ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് (നികുതി ഉൾപ്പെടെ)(₹) | വ്യത്യാസം (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | ബിൽഡിംഗ് ബ്ലോക്ക് | 25 | 320 | 430 | 110 | 2750 |
| 2 | പിക്ച്ചർ കാർഡ് | 40 | 40 | 73.20 | 33.20 | 1328 |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/03.10.23-ന് സമയപരിമിതിമൂലമാണ് ജെം മുഖേന വാങ്ങുന്നതിനും ടെണ്ടർ മുഖേനയുള്ള വാങ്ങലിൽ സർക്കാർ ഉത്തരവ്വ പ്രകാരം ടെണ്ടർ സമർപ്പിക്കുന്നതിനുള്ള സമയം അനുവദിക്കാൻ കഴിയാതിരുന്നത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. കൂടാതെ ടെണ്ടർ ഫോം വിതരണവേളയിൽ ഇനം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകിയിരുന്നുവെന്നും മറുപടിയിൽ അറിയിച്ചു. എന്നാൽ ഇത് സാധൂകരിക്കത്തക്കതായ രേഖകളൊന്നും തന്നെ ഹാജരാക്കിയില്ല. ആയതിനാൽ അധികം നൽകിയ 4078 രൂപ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

വാങ്ങൽ നടപടികളിൽ സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കേണ്ടതാണ്. കൂടാതെ ടെണ്ടർപരസ്യത്തിൽ തന്നെ വ്യക്തമായ വിവരങ്ങൾ നൽകേണ്ടതും പദ്ധതികൾ സമയബന്ധിതമായി ഉത്തരവുകൾക്ക് വിധേയമായി പൂർത്തിയാക്കേണ്ടതുമാണ്.

## 1-28 വാങ്ങലിൽ നടപടികൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് | 219/23, വിവിധ അങ്കണവാടികൾക്ക് പ്രഷർ കുക്കർ വാങ്ങി നൽകൽ |
| അടങ്കൽ | ₹ 77600 (വികസനഫണ്ട് -ജനറൽ) |
| ചെലവ് | ₹ 77600 (വികസനഫണ്ട് -ജനറൽ) |
| ബിൽ നം./തീയതി | 43/22-23/24.03.23 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ 25 അങ്കണവാടികളിലേക്ക് പ്രഷർ കുക്കർ വാങ്ങി നൽകുന്നതാണ് പ്രൊജക്റ്റ്. ഇതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും 20.02.23-ന് ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അലങ്കാർ മെറ്റൽസ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. GSTR-5283/20.02.23 പ്രകാരം കുക്കറുകൾ വാങ്ങിയിരിക്കുന്നു. സ ഉ (പി) നം. 7/2019 എസ് പി ഡി തീയതി 26.04.2019 പ്രകാരം 25000രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്. ഏതെങ്കിലും ഇനം Gem- ൽ ലഭ്യമല്ലാത്തതിനാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ പ്രത്യേകത ഉള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണ്. ഫയൽ പരിശോധിച്ചതിൽ ജെം വഴി വാങ്ങുന്നതിനായി നടപടി സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം (20/03.10.23) നൽകിയതിന് വർഷാവസാനമായതിനാലും പദ്ധതി സ്പിൽ ഓവറാവാതിരിക്കാനുമാണ് ടെണ്ടർ മുഖേന നടപ്പിലാക്കിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. വാങ്ങൽ നടപടികളിൽ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്.

## 1-29 വൃദ്ധർക്ക് കട്ടിൽ -വാങ്ങലിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1)

| | |
|---|---|
| പ്രൊജക്റ്റ് | 74/23 (Spiil Over), വയോജനങ്ങൾക്ക് കട്ടിൽ |

| | |
|---|---|
| അടങ്കൽ | 480000 (വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 477950 |
| ബിൽ നം./തീയതി | 19/22-23/12.01.23 |

ചെലവുരേഖകൾ പരിശോധിച്ചതിൽ മേൽ പ്രൊജക്ടിനായി ആർട്കോയിൽ നിന്നും ഇൻവോയ്സ് നം.PKD 167/01.12.22 പ്രകാരം 121 കട്ടിലുകൾ നേരിട്ട് വാങ്ങി വിതരണം ചെയ്തിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

A) ജി.ഒ(ആർടി)നം. 7/2022/SPD തിയതി 02.02.22, പ്രകാരം ARTCO-യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട മര, സ്റ്റീൽ ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. ജി.ഒ(ആർടി)നം. 04/2018/SPD തിയതി 02.02.2018 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ റേറ്റ് കോൺട്രാക്ട് ഉത്തരവിൽ ARTCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ വിശദാംശം നൽകിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടിനായി ഇതിലുൾപ്പെടാത്ത ഫർണിച്ചർ ആർട്കോയിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുന്നു.

B) സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ ടി.ഡി.എസ് നടത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

2)

| | |
|---|---|
| പ്രൊജക്ട് | 96/23, വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 626690 (വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 626690 |
| ബിൽ നം./തീയതി | 42/22-23/24.03.23 |

1) ഇ-ടെണ്ടർ നടത്തിയിട്ടില്ല

സ.ഉ(പി)നം.259/2010/LSGD തിയതി 8-11-2010 പ്രകാരം നേരിട്ട് റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സാധനങ്ങൾ വാങ്ങുന്നതിനുള്ള പരിധി 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട് . 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടത്തേണ്ടതാണ്. എന്നാൽ മേൽ വാങ്ങലുകളിൽ ഇ ടെണ്ടർ അല്ലാതെ ടെണ്ടർ നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്.

2) ടെണ്ടർ പരസ്യം നൽകിയിരിക്കുന്നത് 22.02.23-നം ടെണ്ടർ സമർപ്പിക്കുന്നതിനുള്ള തീയതി 28.02.23-നം ടെണ്ടർ തുറക്കുന്നതിനുള്ള തീയതി നിശ്ചയിച്ചിരിക്കുന്നത് 01.03.23-നം ആണ്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ ഉ (പി) നം. 259/2010/ത സ്വ ഭ വ തീയതി 08.11.2010 പ്രകാരം ടെണ്ടർ സമർപ്പണത്തിനായി 14ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്. അപാകതകൾ പരാമർശിച്ച് ഓഡിറ്റ് അന്വേഷണം(30/04.10.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-30 റോഡ്, റോഡിതര മെയ്ന്റനൻസ് ഫണ്ട് വകയിരുത്തൽ, ചെലവ് -ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല

തൻവർഷം റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിൽ ₹9895000 വകയിരുത്തി 27 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 14 പ്രൊജക്ടുകൾക്കായി ₹3504009 രൂപയാണ് (വകയിരുത്തിയ തുകയുടെ 42%) ചെലവഴിച്ചിട്ടുള്ളത്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ നടന്നു

കൊണ്ടിരിക്കുന്നതിനാൽ റോഡ് സംരക്ഷണ പ്രവൃത്തികൾക്കുള്ള ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ ₹4948327 വകയിരുത്തി 12 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 9 പ്രൊജക്ടുകൾക്കായി ₹3078137 രൂപയാണ് (വകയിരുത്തിയ തുകയുടെ 62%) തൻവർഷം ചെലവഴിച്ചിട്ടുള്ളത്. നടപ്പിലാക്കിയ പ്രൊജക്ടുകളിൽ അങ്കണവാടി, പി.എച്ച്.സി, സബ്ബ് സെന്റർ എന്നിവയുടെ നവീകരണം ഉൾപ്പെടുന്നു.

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1)പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ പദ്ധതികൾക്ക് റോഡ്, റോഡിതര മെയ്ന്റനൻസ് ഫണ്ട് വകയിരുത്തുന്നതും, ചെലവഴിക്കുന്നതും ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം മുൻഗണനാക്രമത്തിൽ ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

ആസ്തി വിവരം കാലികമാക്കൽ - തൽസ്ഥിതി

തൻവർഷം ആസ്തികളുടെ ഡിജിറ്റലൈസേഷൻ – റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പ്രൊജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്ന് 25000/-രൂപ വകയിരുത്തി 15000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

എല്ലാ വാർഡുകളിലുമുള്ള റോഡ് റോഡിതര ആസ്തികളുടെ സർവ്വെ പൂർത്തീകരിച്ചിട്ടുള്ളതും, ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന്റെ ഭാഗമായുള്ള നടപടികൾ നടന്നുവരുന്നു എന്ന് നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിന് (നം-4/29.09.23) മറുപടി സമർപ്പിച്ചിട്ടുണ്ട്.

അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശ പ്രകാരം പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ച് ആസ്തികളുടെ പരിപാലനം, കയ്യൊഴിക്കൽ എന്നിവ കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായി മാത്രം നടപ്പാക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

സാമ്പത്തിക വർഷം മതിയായ ഫണ്ട് വകയിരുത്താതെയും, സ്ഥല പരിശോധന നടത്തി കൃത്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കാതെയും പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.പ്രൊജക്ട് - S042/23-മഞ്ഞളൂർ ചാട്ടക്കല്ല് റോഡ് റീകോൺക്രീറ്റിങ്ങ്

അടങ്കൽ - 50000-മെയ്ന്റനൻസ് റോഡ്

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട മേൽ പ്രവൃത്തി ചെയ്യുന്നതിന് ശ്രീ സന്ദീപ്.സി, വാണിയംപറമ്പ്, തേങ്കുറുശ്ശി എന്നവരുമായി കരാറിലേർപ്പെട്ടെങ്കിലും (നം-33/26.02.22) കരാറുകാരൻ യാതൊരുവിധ പ്രവർത്തനങ്ങളും നിർവ്വഹിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്ത് റീടെണ്ടർ ചെയ്യുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം 2(8)/23.07.22 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2022-23 വാർഷിക പദ്ധതിയിൽ (S042/23) പ്രസ്തുത പദ്ധതി സ്പിൽ ഓവറായി

ഉൾപ്പെടുത്തി മെയ്ന്റനൻസ് റോഡിൽ നിന്ന് 50000 രൂപ വകയിരുത്തി റീടെണ്ടർനടപടികൾ സ്വീകരിച്ചെങ്കിലും പദ്ധതിക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം-1/1-1.06.23 പ്രകാരം പദ്ധതി പിന്നീട് റദ്ദ് ചെയ്യുകയാണുണ്ടായത്.

മേൽ പ്രവൃത്തി നിർവ്വഹണത്തിലെ തടസ്സം സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിന് (13/30.09.23)സമർപ്പിച്ച മറുപടി പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രസ്തുത പ്രൊജക്റ്റ് നടപ്പിലാക്കേണ്ട സ്ഥലം സമീപസ്ഥലങ്ങളേക്കാളും താഴ്ന്ന് കിടക്കുന്നതിനാലും റോഡിന്റെ ഇരുവശവും വീടുകളുടെ മതിൽ ഉള്ളതിനാലും ആ പ്രദേശത്തേക്ക് ഒഴുകി വരുന്ന മുഴവൻ വെള്ളവും സുഗമമായി ഒഴിഞ്ഞു പോകുന്നതിന് റോഡ് ഏകദേശം ഒന്നര അടിയെങ്കിലും ഉയർത്തേണ്ടതാണ്. ആയതിന് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. പ്രശ്ന പരിഹാരത്തിന് സ്ഥലവാസികളുടെ നിരന്തര സമർദ്ദം ഉണ്ടായതിനാലാണ് 2022-23സാമ്പത്തിക വർഷത്തിൽ വീണ്ടും 50000/-രൂപ വകയിരുത്തി പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്തിയത്.

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട മേൽ പ്രവൃത്തി 2022-23 വർഷം സ്പിൽ ഓവറാക്കിയപ്പോഴും പദ്ധതി നിർവ്വഹണം സാദ്ധ്യമാക്കുന്നതിന് മതിയായ ഫണ്ട് വകയിരുത്തിയില്ല. സാമ്പത്തിക വർഷം മെയ്ന്റനൻസ് ഫണ്ട് അലോട്ട്മെന്റിന്റെ 42% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

2.പ്രൊജക്റ്റ് - S028/23- കടാംകോട് പൂതക്കോട് റോഡ് സംരക്ഷണ പ്രവൃത്തികൾ

അടങ്കൽ - 506000-മെയ്ന്റനൻസ് റോഡ്

ചെലവ് - 407524

ബിൽ നം -8/22.07.22

കരാർ - 39/21-22/15.03.22

പൂർത്തീകരിക്കേണ്ട തീയതി-14.09.22

പൂർത്തീകരിച്ചത് (പ്രവൃത്തി അവസാനിപ്പിച്ചത്)- 2.07.22

മേൽ റോഡിന്റെ Ch 0/050 M മുതൽ Ch 0/076 M വരെയുള്ള 26m.നീളം വരുന്ന ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും ,Ch 0/150 M മുതൽ Ch 0/156 M വരെയുള്ള 6m.നീളം വരുന്ന ഭാഗത്ത് DR Masonry ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.എന്നാൽ DR Masonry ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്യേണ്ട ഭാഗം മണ്ണിടിച്ചിൽ അനുഭവപ്പെടുന്ന സ്ഥലമായതിനാൽ പ്രസ്തുത ഭാഗത്ത് 75m. പൂർണ്ണമായും സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തികൾ നടത്തിയാൽ മാത്രമേ ടി റോഡിന്റെ സംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളൂ എന്നും നിലവിൽ വകയിരുത്തിയ ഫണ്ട് അപര്യാപ്തമാണെന്നും അസി .എഞ്ചിനീയർ 26.12.22 ന് സെക്രട്ടറിക്ക് നൽകിയ കത്തിൽ (നം-34/AE /LSGD/THY/22-23)പറയുന്നു.ആയതിനാൽ DR Masonry ഒഴിവാക്കി പദ്ധതി നിർവ്വഹണം അവസാനിപ്പിച്ചിട്ടുണ്ട്. ആയതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 5(19)/31.12.22 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

3.പ്രൊജക്റ്റ് - S030/23- കോട്ടപ്പള്ള ബ്രാഞ്ച് റോഡ് റീടാറിങ്ങ്, സംരക്ഷണ പ്രവൃത്തികൾ

അടങ്കൽ - 625000-മെയ്ന്റനൻസ് റോഡ്

ചെലവ് - 353825

പാർട്ട് ബിൽ നം - 41/30.03.23

കരാർ - 46/21-22/23.03.22

സാങ്കേതികാനുമതി - 81673/21-22/21.03.22

പൂർത്തീകരിക്കേണ്ട തീയതി-22.09.22

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം Ch 0/000 M മുതൽ Ch 0/190 M വരെയുള്ള 190m.നീളം വരുന്ന ഭാഗത്ത് റീടാറിങ്ങ്, റോഡിന്റെ സംരക്ഷണ പ്രവൃത്തികളായി 13m. നീളത്തിൽ കോൺക്രീറ്റ് ഡ്രെയ്നേജ് നിർമ്മിക്കുന്നതിനും , 33m.നീളത്തിൽ DR Masonry ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി നിർമ്മാണം, നിലവിലുള്ള കോൺക്രീറ്റ് ഡ്രെയ്നേജിനു മുകളിലും പുതിയ ഡ്രെയ്നേജ് നിർമ്മാണത്തിനു മുകളിലുമായി കോൺക്രീറ്റ് സ്ലാബുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ പുതിയ കോൺക്രീറ്റ് ഡ്രെയ്നേജ് നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി പ്രവൃത്തികൾ ചെയ്യേണ്ടത് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തായതിനാലും, പ്രസ്തുത സ്ഥലം നിയമാനുസൃതം വിട്ടുകിട്ടാത്തതിനാലും പ്രവൃത്തികൾ നടപ്പാക്കുവാൻ കഴിയാതെ വരുകയും, ടി പ്രവൃത്തികൾ എസ്റ്റിമേറ്റിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. റോഡിൽ മണ്ണിടിച്ചിൽ കൂടുതൽ അനുഭവപ്പെടുന്ന ഭാഗത്ത് കോൺക്രീറ്റിങ്ങ് ചെയ്യുന്നതിനുള്ള ഇനങ്ങളും എസ്റ്റിമേറ്റിൽ പുതുതായി ഉൾപ്പെടുത്തി.മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് ഭേദഗതി വരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം നം-6(3)/28.02.23പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

എം-ബി പരിശോധിച്ചതിൽ നിലവിൽ റീടാറിങ്ങ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ല.കോൺക്രീറ്റ് ഡ്രെയ്നേജ്, DR Masonry ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി നിർമ്മാണം എന്നിവ മാത്രമാണ് പാർട്ട് ബില്ലായി നിർവ്വഹിച്ചിട്ടുള്ളത്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012/PWD/1.02.2012 സെക്ഷൻ1601.1.1 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മരാമത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വശങ്ങളും ഉൾപ്പെടുത്തിയ Preliminary Project Report, Specifications, Site Conditions, Site Plan And Layout Drawings, AE's Certificate (That The Preliminary Estimate Has Been Prepared By Me After The Inspection And Provisions Included Are Essentially Required And Adequate For The Proper Completion Of Work.), Land Availability Certificate എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച് വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

മതിയായ സ്ഥല പരിശോധനയോ പഠനങ്ങളോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുന്നത് മൂലം എസ്റ്റിമേറ്റ് ഭേദഗതി വരുത്തുന്നതിനും പ്രവൃത്തി നീണ്ടു പോകുന്നതിനും ഇടയാക്കുന്നു. മറ്റു പദ്ധതികൾക്കായി ഉപയോഗപ്പെടുത്താമായിരുന്ന ഫണ്ട് മുടങ്ങുന്നതിനിടയാക്കുന്ന ഇത്തരം സാഹചര്യം ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയത്തിലേക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 കരാറിലേർപ്പെട്ട് കരാറുകാരൻ പ്രവൃത്തി നിർവ്വഹണം നടത്താത്തത്- കേരള പൊതുമരാമത്ത് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

1.പ്രൊജക്റ്റ് നം – S045/23- പാണ്ടിയോട് സബ്സെന്റർ നവീകരണം

അടങ്കൽ - 261000 – മെയ്ന്റനൻസ് നോൺ റോഡ്

ചെലവ് - 261000

കരാർ - 35/2021-22/2.03.22

കരാറുകാരൻ - ശ്രീ സന്ദീപ്.സി, വാണിയംപറമ്പ്, തേങ്കുറുശ്ശി

മേൽ പ്രകാരം കരാർ വെച്ച പ്രവൃത്തി 31.05.22 നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ യാതൊരുവിധ പ്രവൃത്തികളും ആരംഭിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്ത് രണ്ടാമതായി കുറവ് ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്ത് എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി

പൂർത്തീകരിച്ചിട്ടുണ്ട്. (പഞ്ചായത്ത് ഭരണസമിതി തീരുമാനം -2(17)/23.07.22)

2.2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട മഞ്ഞളൂർ ചാട്ടക്കല്ല് റോഡ് റീകോൺക്രീറ്റിങ്ങ് എന്ന പ്രവൃത്തി ചെയ്യുന്നതിന് ശ്രീ സന്ദീപ്.സി, വാണിയംപറമ്പ്, തേങ്കുറുശ്ശി എന്നവരുമായി കരാറിലേർപ്പെട്ടെങ്കിലും (നം-33/26.02.22) കരാറുകാരൻ യാതൊരുവിധ പ്രവർത്തനങ്ങളും നിർവ്വഹിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്ത് റീടെണ്ടർ ചെയ്യുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം 2(8)/23.07.22 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2022-23 വാർഷിക പദ്ധതിയിൽ (S042/23) പ്രസ്തുത പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്തി മെയ്ന്റനൻസ് റോഡിൽ നിന്ന് 50000 രൂപ വകയിരുത്തി റീടെണ്ടർനടപടികൾ സ്വീകരിച്ചെങ്കിലും പദ്ധതിക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം-1/1-1.06.23 പ്രകാരം പദ്ധതി പിന്നീട് റദ്ദ് ചെയ്യുകയാണുണ്ടായത്.

കരാർ ചമച്ച് നിശ്ചിത സമയത്തിനകം കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാത്ത സന്ദർഭങ്ങളിൽ കേരള പൊതുമരാമത്ത് മാന്വൽ 2116.1 (Termination – Default By Contractor), 2116.2.1 (Realisation Of Loss Of Account On Termination) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പൊതുമരാമത്ത് മാന്വൽ 2116.1 (Termination – Default By Contractor) പ്രകാരമുള്ള നടപടികൾ നിലവിൽ സ്വീകരിച്ചു വരികയാണെന്ന് നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിന് (നം-13/30.09.23) മറുപടി സമർപ്പിച്ചിട്ടുണ്ട്.

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 ടേക്ക് എ ബ്രേക്ക് പദ്ധതികൾ - തുടർ മോണിട്ടറിങ്ങ് നടത്തേണ്ടതാണ്

സാമ്പത്തിക വർഷം അസി.എഞ്ചിനീയർ മുഖേന താഴെപ്പറയുന്ന ടേക്ക് എ ബ്രേക്ക് പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം, പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | S039/23-ടേക്ക് എ ബ്രേക്ക് പൊതുശുചിമുറി നിർമ്മാണം, കയറംകുളം | 1500000 - CFC | 1139463 |
| 2 | S053/23-ചിമ്പച്ചാല പൊതുശുചിമുറി നിർമ്മാണം | 500000- CFC | 438286 |
| 3 | S050/23-വെമ്പല്ലൂർ പൊതുശുചിമുറി നിർമ്മാണം | 420000- CFC<br>420000- തനത് ഫണ്ട് | 749563 (420000- CFC + 329563 തനത് ഫണ്ട്) |

മേൽ പദ്ധതികളുടെ നിലവിലെ ഉപയോഗം/ഉപയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/4.10.23) പഞ്ചായത്ത് സമർപ്പിച്ച മറുപടി പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം -1- കെട്ടിടം 4500/- രൂപക്ക് ലേലത്തിലെടുത്ത് വാടക അടവാക്കി പ്രവർത്തിച്ചുവരുന്നുണ്ട്.

ക്രമ നം - 2-പൊതുജനങ്ങൾക്ക് ഉപയോഗത്തിനായി തുറന്ന് നൽകിയിട്ടുണ്ട്.

ക്രമ നം - 3- 14.03.23, 19.04.23, 15.06.23എന്നീ തീയതികളിൽ ലേലം നടത്തിയെങ്കിലും കെട്ടിടം ഏറ്റെടുക്കുവാൻ ആരും തയ്യാറാകാത്തതിനാൽ 5.10.23 ന് പുനർലേലം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

മേൽ പദ്ധതികളുടെ തുടർ വിനിയോഗം സാദ്ധ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും, മോണിട്ടറിങ്ങ് നടത്തുന്നതിനും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെയും, പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും ഏതാനും മരണ രജിസ്ട്രേഷനുകളും അനുബന്ധഫയലുകളും പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ താഴെചേർക്കുന്നു.

1.പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു.

